പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *403 — 20-10-2016 -ൽ മറുപടിക്ക്

കടലാക്രമണ ഭീഷണി പ്രതിരോധിക്കാൻ നടപടി

	ചോദ്യം		മറുപടി
	ശ്രീ. കെ.കുഞ്ഞിരാമൻ **ശ്രീ. എ.എം.ആരിഫ്** **ശ്രീ. കെ.ആൻസലൻ** **ശ്രീ. കെ.ദാസൻ**		**ശ്രീ.ഇ.ചന്ദ്രശേഖരൻ** **(റവന്യൂവും ഹൗസിംഗും വകുപ്പ് മന്ത്രി)**
എ)	സംസ്ഥാനത്തെ തീരദേശ മേഖലകളിൽ കാലാവസ്ഥ വ്യതിയാനം കാരണം കടലാക്രമണ ഭീഷണി വർദ്ധിച്ചു വരുന്നതായുള്ള റിപ്പോർട്ട് പരിഗണിച്ച് കടലാക്രമണ ഭീഷണി പ്രതിരോധിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;	എ)	മിക്ക തീരദേശ ജില്ലകളിലും കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ കടൽ ഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു. കടലാക്രമണ ഭീഷണി ഉണ്ടായേക്കാവുന്ന സന്ദർഭങ്ങളിൽ സ്റ്റേറ്റ് കൺട്രോൾ റൂമിൽ നിന്നും ജില്ലാ ഭരണകൂടത്തിനും എല്ലാ തഹസീൽദാർമാർക്കും മുന്നറിയിപ്പ് നിർദ്ദേശങ്ങൾ നൽകാറുണ്ട്. കടലാക്രമണം ഉണ്ടാകുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂം മുഖേനയും ജില്ലാ കൺട്രോൾ റൂം മുഖേനയും ജില്ലകളിലെ പ്രതികരണ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു കുടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
ബി)	തീരദേശ ജില്ലകളിലെ കടലാക്രമണ ഭീഷണി നേരിടുന്ന കാൽലക്ഷത്തോളം കുടുംബങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?	ബി)	തീരദേശ ജില്ലകളിലെ കടലാക്രമണ ഭീഷണി നേരിടുന്ന കാൽലക്ഷത്തോളം കുടുംബങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ